# കേരള സർവകലാശാല

നം.പി.ആർ.241/2016 ഫോൺ : 2305738

## പത്രക്കുറിപ്പ്

### അന്തർദേശീയ സ്റ്റാറ്റിസ്റ്റിക്സ് കോൺഫറൻസ്

കേരള സർവകലാശാല സ്റ്റാറ്റിസ്റ്റിക്സ് വകുപ്പ് നടത്തുന്ന അന്തർദേശീയ സ്റ്റാറ്റിസ്റ്റിക്സ് കോൺഫറൻസ് ഇന്ന് (ഡിസംബർ 21) കേരള ഗവർണർ ജസ്റ്റിസ് പി. സദാശിവം ഉദ്ഘാടനം ചെയ്യും. മൂന്ന് ദിവസമായി നടക്കുന്ന കോൺഫറൻസിന്ന് മുന്നോടിയായി രണ്ടു ദിവസത്തെ ശിൽപശാല നടന്നുവരുന്നു. പി.വി.സി.ശ്രീ. എൻ. വീരമണികണ്ഠൻ അദ്ധ്യക്ഷത വഹിക്കുന്ന ചടങ്ങിൽ പ്രമുഖ ദേശീയ അന്തർദേശീയ വിദ്യാഭ്യാസ വിചക്ഷണർ പങ്കെടുക്കും.

### പി.ജി.ഡി.കെ.എം ഫലം

കേരള സർവകലാശാല ആഗസ്റ്റിൽ നടത്തിയ രണ്ടാം സെമസ്റ്റർ പോസ്റ്റ് ഗ്രാജുവേറ്റ് ഡിപ്ലോമ ഇൻ നോളജ് മാനേജ്മെന്റ് പരീക്ഷയുടെ ഫലം വെബ്സൈറ്റിൽ (www.keralauniversity.ac.in) ലഭിക്കും.

### പി.ജി പരീക്ഷ

കേരള സർവകലാശാല 2017 ജനുവരിയിൽ നടത്തുന്ന ഒന്നാം സെമസ്റ്റർ എം.എ/എം.എസ്സി/എം.കോം/എം.എസ്.ഡബ്ലിയു/എം.പി.എ പരീക്ഷകൾക്ക് ഡിസംബർ 21 മുതൽ ഓൺലൈൻ രജിസ്ട്രേഷൻ ചെയ്യാം. പരിക്ഷകൾക്ക് പിഴകൂടാതെ 2017 ജനുവരി ഒമ്പത് (50 രൂപ പിഴയോടെ ജനുവരി 11, 250 രൂപ പിഴയോടെ ജനുവരി 13) വരെ അപേക്ഷിക്കാം.

### ബി.കോം ഫലം

കേരള സർവകലാശാല നാലാം സെമസ്റ്റർ ബി.കോം (സി.ബി.സി.എസ് - 2014 റഗുലർ 2013 ഇംപ്രൂവ്മെന്റ് & സപ്ലിമെന്ററി - ജൂൺ 2016) പരീക്ഷാഫലം വെബ്സൈറ്റിൽ ലഭിക്കും. പുനർമൂല്യനിർണ്ണയത്തിനും സൂക്ഷ്മപരിശോധനയ്ക്കും 2017 ജനുവരി 13 വരെ അപേക്ഷിക്കാം.

### ബി.ടെക് പുനർമൂല്യനിർണ്ണയം

കേരള സർവകലാശാല ജനുവരിയിൽ നടത്തിയ മൂന്നാം സെമസ്റ്റർ ബി.ടെക് (2013 സ്കീം) പരീക്ഷയുടെ സൂക്ഷ്മപരിശോധനയ്ക്ക് ഓൺലൈനായി അപേക്ഷ സമർപ്പിച്ചവർ ഫോട്ടോ പതിച്ച തിരിച്ചറിയൽ രേഖയും ഹാൾടിക്കറ്റുമായി ഡിസംബർ 21-നും 28-നും ഇടയ്ക്കുള്ള പ്രവൃത്തി ദിവസങ്ങളിൽ വൈകുന്നേരം മൂന്ന് മണിമുതൽ അഞ്ച് മണിവരെയുള്ള സമയങ്ങളിൽ ബി.ടെക് പുനർമൂല്യനിർണ്ണയ വിഭാഗത്തിൽ ഹാജരാകണം.

### അസൈൻമെന്റ് സമർപ്പിക്കണം

കേരള സർവകലാശാല വിദൂരവിദ്യാഭ്യാസ വിഭാഗം നടത്തുന്ന മൂന്നാം സെമസ്റ്റർ എം.എസ്സി കമ്പ്യൂട്ടർ സയൻസ് കോഴ്സിന്റെ അസൈൻമെന്റ് 2017 ജനുവരി നാലിന് എസ്.ഡി.ഇ ഓഫീസിൽ സമർപ്പിക്കണം.

## തീയതി നീട്ടി

**കേരള സർവകലാശാല ബി.കോം കമ്പ്യൂട്ടർ ആപ്ലിക്കേഷൻ (ത്രീ മെയിൻ – എൽ.എസ്സി/ എസ്.ഡി.ഇ – മേയ് 2016) പരീക്ഷയുടെ പുനർമൂല്യനിർണ്ണയത്തിന് അപേക്ഷിക്കുവാനുള്ള തീയതി ഡിസംബർ 31 വരെ നീട്ടി.**

**സർവകലാശാല മന്ദിരം,**

തിരുവനന്തപുരം.

20.12.2016

പബ്ലിക് റിലേഷൻസ് ഓഫീസർ

അംഗീകാരത്തോടെ,

സെക്ഷൻ ഓഫീസർ

**e-mail:** ku.release@gmail.com **website:** www.keralauniversity.ac.in

**University information is available on 0471-2305994, 155300 (BSNL Land line), 0471-155300 (from mobile) 0471-2115054 and 0471-2115098**